**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 289** **22-06-2026-ൽ മറുപടിയ്ക്ക്**

**സാമൂഹിക സുരക്ഷ പെൻഷൻ കേന്ദ്ര വിഹിതം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിലുള്ള സാമൂഹിക സുരക്ഷ പെൻഷനുകളിൽ ഓരോന്നിലും കേന്ദ്ര വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് നിലവിലുള്ള സാമൂഹിക സുരക്ഷ പെൻഷനുകളിൽ ഓരോ പെൻഷൻ വിഭാഗത്തിനും ലഭ്യമാകുന്ന കേന്ദ്ര വിഹിതം സംബന്ധിച്ച വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഇവയിൽ കേന്ദ്ര വിഹിതം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക എന്ന് വ്യക്തമാക്കാമോ?

**മറുപടി:** കേന്ദ്ര വിഹിതത്തിന്റെ വിതരണത്തിൽ കുടിശ്ശികയില്ല. 2026 മെയ് മാസം വരെയുള്ള കേന്ദ്ര വിഹിതം മുൻകൂറായി സംസ്ഥാന സർക്കാർ വിതരണം നടത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും NSAP വിഹിതമായി നിലവിൽ 419.362197 കോടി രൂപ ലഭിക്കാനുണ്ട്. ആയതിൽ 2023-2024 സാമ്പത്തിക വർഷത്തിലെ 153.65 കോടി രൂപയും 2024-2025 സാമ്പത്തിക വർഷത്തിലെ 34.99 കോടി രൂപയും 2025-2026 സാമ്പത്തിക വർഷത്തിലെ 230.72 കോടി രൂപയും ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നമ്പർ | പദ്ധതി | കേന്ദ്രവിഹിതം (രൂപയിൽ) |
|---|---|---|
| 1 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ( 60 - 79 വയസ് ) | 200 |
| | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ( 80 വയസിന് മുകളിൽ ) | 500 |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ ( 40 - 79 വയസ് ) | 300 |
| | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ (80 വയസിന് മുകളിൽ) | 500 |
| 3 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ (18 - 79 വയസ്) | 300 |
| | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ (80 വയസിന് മുകളിൽ ) | 500 |